# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2738      19/12/2012-ൽ മറുപടിക്ക്

## വിജ്ഞാൻ ഭാരതി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. റ്റി. ബൽറാം<br>,, വി. പി. സജീന്ദ്രൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | വിജ്ഞാൻ ഭാരതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | എ | പട്ടികവർഗ്ഗക്കാരുടെ തനതു സംസ്കാരവും കലകളും അന്യംനിന്നു പോകാത്ത വിധത്തിൽ കലയും ജീവിതരീതിയും കോർത്തിണക്കി എൽ. കെ. ജി മുതൽ പന്ത്രണ്ടാം ക്ലാസു വരെ സി. ബി. എസ്. ഇ പാഠ്യപദ്ധതിയിലുള്ള സ്കൂൾ വിദ്യാഭ്യാസത്തിനും ഐ.റ്റി.ഐ/പോളിടെക്നിക് എന്നിവയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ബിരുദ-ബിരുദാനന്തര തലങ്ങളിലുള്ള കലാലയ വിദ്യാഭ്യാസത്തിനുമായി 6000 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാകുന്ന വിധത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 'വിജ്ഞാൻ ഭാരതി' എന്ന പേരിൽ ഒരു മാതൃകാ വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി | എവിടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | ബി | ഈ പ്രോജക്റ്റ് വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള പ്രിയദർശിനി ടീ എസ്റ്റേറ്റിലെ 100 ഏക്കർ സ്ഥലത്ത് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| സി | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ സൗകര്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | സി | പട്ടികവർഗ്ഗക്കാരുടെ തനതു സംസ്കാരവും കലകളും അന്യംനിന്നു പോകാത്ത വിധത്തിൽ കലയും ജീവിതരീതിയും കോർത്തിണക്കി എൽ. കെ. ജി മുതൽ പന്ത്രണ്ടാം ക്ലാസുവരെ സി. ബി. എസ്. ഇ പാഠ്യപദ്ധതിയിലുള്ള സ്കൂൾവിദ്യാഭ്യാസത്തിനും ഐ.റ്റി.ഐ/പോളിടെക്നിക് എന്നിവയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ബിരുദ-ബിരുദാനന്തര തലങ്ങളിലുള്ള കലാലയ വിദ്യാഭ്യാസത്തിനുമായി 6000 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാകുന്ന വിധത്തിലുള്ള ഒരു പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമെ, മെഡിക്കൽ/ എഞ്ചിനീയറിംഗ് കോച്ചിംഗ് സെന്ററുകൾ, ജോലി നേടുന്നതിനുള്ള ഫിനിഷിംഗ് സ്കൂൾ എന്നിവയും ഇതിനോടനുബന്ധമായി ആരംഭിക്കാവുന്നതാണ്. 10 വർഷം കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ പതിനായിരത്തിലധികം കുട്ടികൾ താമസിച്ചു പഠിക്കുന്ന ഒരു വലിയ മാതൃകാ സ്ഥാപനമായി ഇതു മാറുന്നതാണ്. |
| ഡി | പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | ഡി | പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുൻ മാനന്തവാടി സബ്കളക്ടറും ഇപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുമായ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്-നെ സ്പെഷ്യൽ ഓഫീസറായി 17.7.2012 ലെ സ.ഉ. (കൈ) നമ്പർ 112/12/പജപവവിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനത്തിനു വേണ്ടി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ രൂപകൽപ്പന തയ്യാറാക്കി സമർപ്പിക്കുവാൻ വേണ്ടി വിവിധ വാസ്തു ശില്പ ഏജൻസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 19 ഏജൻസികളെ പ്രസന്റേഷന് ക്ഷണിച്ചിരുന്നു. അതിൽ ഹാജരായ 12 ഏജൻസികളുടെ പ്രവർത്തന പരിചയം, രൂപകൽപ്പന, ഭാവന, തുടങ്ങിയവ കണക്കിലെടുത്ത് പ്രഗൽഭരായ ഒരു ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**